<u>**15 -ാം കേരള നിയമസഭ**</u>

<u>**8 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3310**</u> <u>**01-03-2023 - ല്‍ മറുപടിയ്ക്ക്**</u>

<u>**അവധി അനുവദിച്ചു കൊണ്ടുള്ള ഉത്തരവ്**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴല്‍നാടന്‍ | | ശ്രീ വി ശിവന്‍കുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴില്‍ വകുപ്പ് മന്ത്രി) | |
| (എ) | 29.09.22-ലെ സ.ഉ.(സാധാ) 4183/2022/GAD നമ്പര്‍ ഉത്തരവ് വകുപ്പിന്റെ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ പ്രസ്തുത ഉത്തരവിന്റെ ഉള്ളടക്കത്തില്‍ വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങള്‍ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ട്. ഐ.ടി.ഐ കള്‍ വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള പരിശീലന സ്ഥാപനങ്ങളാണ് . കാലാകാലങ്ങളായി ഇപ്രകാരമുള്ള അവധികള്‍ ട്രെയിനികള്‍ക്ക് മാത്രമാണ് നല്‍കിവരുന്നത്. |
| (ബി) | പ്രസ്തുത ഉത്തരവ് സംസ്ഥാനത്തെ വ്യാവസായിക പരിശീലനവകുപ്പിന് കീഴില്‍ പ്രവര്‍ത്തിച്ചുവരുന്ന ഐ.ടി.ഐ. കള്‍ക്ക് ബാധകമായിരുന്നോ എന്ന് വ്യക്തമാക്കാമോ; | (ബി) | വ്യാവസായിക പരിശീലന വകുപ്പിന് കീഴില്‍ പ്രവര്‍ത്തിച്ചുവരുന്ന ഐ.ടി.ഐ കള്‍ക്ക് ബാധകമായിരുന്നു. |
| (സി) | പ്രസ്തുത ഉത്തരവില്‍ നിന്ന് വ്യത്യസ്തമായി ട്രെയിനികള്‍ക്ക് മാത്രം അവധി അനുവദിച്ചു കൊണ്ട് 01.10.22-ല്‍ ഇറങ്ങിയ ഡി.റ്റി./4770/2022-എഫ്3 നമ്പര്‍ ഉത്തരവ് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഉത്തരവില്‍ ഒപ്പ് വച്ച ഉദ്യോഗസ്ഥന്റെ പദവി വ്യക്തമാക്കാമോ; | (സി) | ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ട്. 01.10.2022-ല്‍ ഇറങ്ങിയ ഡി.റ്റി/4770/2022-എഫ്3 നമ്പര്‍ ച്ചുറ്ററിയിപ്പായിരുന്നു. അഡീഷണല്‍ ഡയറക്ടര്‍ ഓഫ് ട്രെയിനിംഗിന്റെ അംഗീകാരത്തോടെ ജൂനിയര്‍ സൂപ്രണ്ട് മേലൊപ്പ് ചാര്‍ത്തിയത്. |
| (ഡി) | സര്‍ക്കാര്‍ ഉത്തരവുകള്‍ ഉദ്ധരിച്ച് കൊണ്ട് വകുപ്പുതലത്തിലുള്ള ഉദ്യോഗസ്ഥര്‍ക്ക് ഉത്തരവുകളില്‍ മാറ്റം വരുത്തുന്നതിനുള്ള അനുമതി ഉണ്ടോ എന്ന് വ്യക്തമാക്കാമോ; | (ഡി) | ഇല്ല. |
| (ഇ) | 01.10.22-ല്‍ ഇറങ്ങിയ ഡി.റ്റി./4770/2022-എഫ്3 നമ്പര്‍ ഉത്തരവില്‍ സംസ്ഥാനത്തെ പ്രൊഫഷണല്‍ കോളേജുകള്‍ ഉള്‍പ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും എന്ന പരാമര്‍ശത്തില്‍ സംസ്ഥാനത്തെ ഐ.ടി.ഐ. കളും ഉള്‍പ്പെടുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഇ) | ഉള്‍പ്പെടുന്നുണ്ട് |

സെക്ഷന്‍ ഓഫീസര്‍